**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.413**
**26.04.2017- ലെ മറുപടിക്ക്**

**ഒറ്റപ്പാലം നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

| ചോദ്യം<br>**ശ്രീ.പി.ഉണ്ണി** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| എ) ഒറ്റപ്പാലം നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയ്ക്ക് ഇതിനകം ഭരണാനുമതി നല്കിയിട്ടുണ്ട്; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കാമോ ; | 2016-17 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പ്രവൃത്തിയ്ക്കായി 17.04.2017 തീയതിയിലെ സ.ഉ.(സാധാ) നം. 135/2017/ഊ.വ. പ്രകാരം 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ എന്നാണ് സമർപ്പിക്കപ്പെട്ടത്; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കാമോ ; | ഒറ്റപ്പാലം മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായുള്ള നിർദേശങ്ങൾ 2016 നവംബർ 7,8, ഡിസംബർ 12, 2017 ജനുവരി 11 എന്നീ തീയതികളിലായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) ഏതെല്ലാം പ്രവൃത്തിയുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | ഒറ്റപ്പാലം മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം (20 ലക്ഷം രൂപ), തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ പഴഞ്ചീരി ജി.എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം (44 ലക്ഷം രൂപ), ഒറ്റപ്പാലം കണ്ണിയംപുറം ആയുർവ്വേദ ആശുപത്രിയ്ക്ക് പുതിയ ബ്ലോക്ക് നിർമ്മാണം (40 ലക്ഷം രൂപ) എന്നീ 3 പ്രവൃത്തികളുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് ഭരണാനുമതിയ്ക്കായുള്ള ധനാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം) | നിർദ്ദേശിച്ച തീയതി | ധനകാര്യ വകുപ്പിൽ ലഭിച്ച തീയതി |
|---|---|---|---|---|
| 1 | അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ ആവക്കോട്-അപ്പക്കാട് റോഡ് നവീകരണം | 55.00 | 08.11.2016 | 10.11.2016 |
| 2 | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ പുലാപ്പറ്റ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം | 50.00 | 08.11.2016 | 10.11.2016 |
| 3 | തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ പഴഞ്ചീരി ജി.എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം | 44.00 | 08.11.2016 | 10.11.2016 |
| 4 | കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ചാഴിയോട് പാനാംകുന്ന് റോഡ് നവീകരണം | 37.00 | 07.11.2016 | 10.11.2016 |
| 5 | അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ മനക്കൽപ്പടി-ചാത്തൻകണ്ടകാവ് റോഡ് നിർമ്മാണം | 29.00 | 07.11.2016 | 10.11.2016 |
| 6 | ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ വാർഡ്-12 ,നീരിട്ടീൽ റോഡ് നിർമ്മാണം | 25.00 | 07.11.2016 | 10.11.2016 |
| 7 | ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ കണ്ണിയംപുറം തെരുവ് കൊട്ടക്ക് കോളനി റോഡ് നിർമ്മാണം | 21.00 | 07.11.2016 | 10.11.2016 |
| 8 | തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ പഴഞ്ചേരി സർക്കാർ എൽ.പി.സ്കൂളിൽ കുടിവെള്ള പദ്ധതി | 10.00 | 07.11.2016 | 10.11.2016 |
| 9 | ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ 35-ാം വാർഡിൽ വീട്ടാംപാറ തോട്ടുവരമ്പ് റോഡ് നിർമ്മാണം | 15.00 | 07.11.2016 | 10.11.2016 |
| 10 | ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ 12,19 വാർഡുകളിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മാണം | 25.00 | 07.11.2016 | 10.11.2016 |
| 11 | ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ്-19 ൽ നെല്ലിക്കുർശ്ശി ഹൈസ്കൂൾ റോഡ് നിർമ്മാണം | 12.00 | 07.11.2016 | 10.11.2016 |
| 12 | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ കടമ്പഴിപ്പുറം-കൊല്ല്യാനി-നരിയമ്പാടം-കുളക്കാട്ടുക്കുർശ്ശി വാക്കടപ്പുറം റോഡ് നിർമ്മാണം | 70.00 | 08.11.2016 | 10.11.2016 |
| 13 | ഒറ്റപ്പാലം മണ്ഡലത്തിലെ 9 കേന്ദ്രങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 26.55 | 07.11.2016 | 10.11.2016 |
| 14 | ശ്രീകൃഷ്ണപുരം ചന്തപ്പുര ബസ് വെയിറ്റിംഗ് ഷെഡ്, പബ്ലിക്ക് ടോയ് ലറ്റ് നിർമ്മാണം | 20.00 | 07.11.2016 | 10.11.2016 |
| 15 | ഒറ്റപ്പാലം കണ്ണിയംപുറം ആയുർവ്വേദ ആശുപത്രിയ്ക്ക് പുതിയ ബ്ലോക്ക് നിർമ്മാണം (II phase) | 40.00 | 28.12.2016 | 30.12/2016 |
| 16 | ഒറ്റപ്പാലം മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം | 20.00 | 11.01.2017 | 12.01.2017 |
| | **ആകെ** | **499.55 ലക്ഷം രൂപ** | | |